പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നമ്പർ. 284 — 16-12-2015 ൽ മറുപടിക്ക്

## അഗ്രോ സർവ്വീസ് സെന്ററുകൾ

**ചോദ്യം**

ശ്രീ.കെ.അച്ചുതൻ
ശ്രീ.കെ.മുരളീധരൻ
ശ്രീ.കെ. ശിവദാസൻ നായർ
ശ്രീ. വി.ഡി. സതീശൻ

**ഉത്തരം**

ശ്രീ.കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) സംസ്ഥാനത്ത് അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനത്തിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | കർഷകതൊഴിലാളികളുടെ സേവനം യഥാസമയം കർഷകർക്ക് ലഭിക്കുന്നതിനും കാർഷിക രംഗത്തെ യന്ത്രവൽക്കരണം ത്വരിതപ്പെടുത്തുന്നതിനും പദ്ധതി നടത്തിപ്പിലൂടെ സാദ്ധ്യമാവുമെന്ന് പ്രതീക്ഷിക്കുന്നുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.<br><br>1. നടീൽ വസ്തുക്കൾ, വളങ്ങൾ, ജൈവകീടനാശിനികൾ എന്നിവയൊക്കെ ടി കേന്ദ്രങ്ങളിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ മണ്ണ് പരിശോധനയും രോഗ - കീടം എന്നിവയുടെ നിർണ്ണയവും നടത്തി പരിഹാര നടപടികൾ സ്വീകരിക്കുന്നതിൽ ടി കേന്ദങ്ങൾ സഹായം നൽകുന്നു.<br><br>2. ട്രാക്ടർ, തെങ്ങ്കയറ്റ യന്ത്രം, വീഡ് കട്ടർ, പവർ സ് പ്രെയർ, ഡ്രൈയർ, പമ്പ് സെറ്റ്, പവർ ടില്ലർ തുടങ്ങിയ യന്ത്രോപകരണങ്ങൾ ഈ സേവന കേന്ദ്രങ്ങളിൽ ലഭ്യമാണ്. ഇവ ന്യായമായ വാടകയ്ക്ക് ലഭ്യമാക്കുകയും കർഷകരുടെ യന്ത്ര സാമഗ്രികൾ റിപ്പയർ ചെയ്ത് കൊടുക്കുകയും ചെയ്യുന്നുണ്ട്.<br><br>3. അഗ്രോ സർവ്വീസ് സെന്റർ വഴി |

| | | |
|---|---|---|
| | | വിവിധ കാർഷികവൃത്തികൾക്ക് പരിശീലനം ലഭിച്ച തൊഴിലാളികളുടെ സേവനം ന്യായമായ കൂലിയ്ക്ക് ലഭ്യമാണ്. നിലം ഒരുക്കുക, കാട്ടുവെട്ടുക, തേങ്ങയിടൽ, മരുന്ന് തളിക്കുക, എന്നീ പ്രവൃത്തികൾക്ക് ഇവരുടെ സേവനം ലഭ്യമാണ്. |
| (സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്ത് 14 ജില്ലകളിലായി തെരഞ്ഞെടുക്കപ്പെട്ട 49 ബ്ലോക്കുകളിൽ അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ആയതിന്റെ പ്രവർത്തനം വിലയിരുത്തുകയും മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവച്ച അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിന് ബയോഫാർമസി, നഴ്സറി, യന്ത്രങ്ങൾ, മൂന്ന് ചക്ര വാഹനങ്ങൾ എന്നിവയ്ക്ക് ധനസഹായം നൽകുകയും ചെയ്യുന്നുണ്ട്. സൗകര്യങ്ങൾ ലഭ്യമായ കേന്ദ്രങ്ങളിൽ സോയിൽ ടെസ്റ്റിംഗ് ലാബുകൾ തുടങ്ങിയിട്ടുണ്ട്. നിലവിൽ കൂത്തുപറമ്പ്, കോതമംഗലം, പഴയന്നൂർ എന്നിവിടങ്ങളിൽ സോയിൽ ടെസ്റ്റിംഗ് ലാബ് ആരംഭിച്ചിട്ടുണ്ട്. കൂടാതെ 2015-16 ൽ 15 ബ്ലോക്കുകളിൽ കൂടി അഗ്രോ സർവ്വീസ് കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ